# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.01.2025**

### പ്രധാനവാർത്തകൾ

1. അടിസ്ഥാനസൗകര്യ വികസനം സർക്കാരിന്റെ പ്രഥമ പരിഗണനയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

2. വന്യജീവികളെ കാട്ടിനുള്ളിൽ തന്നെ നിലനിർത്താനാവശ്യമായ ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

3. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാര സർവേയ്ക്ക് നാളെ തുടക്കമാകും.

4. സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രണ്ടാം ദിവത്തെ മത്സരങ്ങൾ പുരോഗമിക്കുന്നു. പോയിൻറ് നിലയിൽ കണ്ണൂർ മുന്നിൽ.

5. കലാപരമായി ഉയർന്ന നിലവാരമുള്ള കുട്ടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിൻറെ പേരിൽ വിവേചനം അനുഭവിക്കാൻ പാടില്ലെന്ന് മന്ത്രി വി. ശിവൻകുട്ടി.

6. ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സി മത്സരം രാത്രി 7.30 ന്.

*************************************

## പ്രധാനമന്ത്രി- ദൽഹി ഉദ്ഘാടനം

അടിസ്ഥാനസൗകര്യ വികസനം, കഴിഞ്ഞ ഒരു ദശകമായി സർക്കാരിന്റെ പ്രഥമ പരിഗണനയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിൽ പന്ത്രണ്ടായിരത്തി ഇരുനൂറ് കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും, തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന സൗകര്യവികസനത്തിനുള്ള ബജറ്റ് വിഹിതം പത്ത് വർഷങ്ങൾക്ക് മുൻപ് രണ്ട് ലക്ഷം കോടി രൂപ ആയിരുന്നത്, ഇപ്പോൾ പതിനൊന്ന് ലക്ഷം കോടിയിലധികമായി വർധിച്ചു. നഗരങ്ങൾക്ക് അകത്തും, നഗരങ്ങൾ തമ്മിലുമുള്ള ആധുനിക കണക്റ്റിവിറ്റിക്ക് സർക്കാർ ഊന്നൽ നൽകുന്നതായും ശ്രീ. മോദി വ്യക്തമാക്കി. ഉദ്ഘാടനത്തോടനുബന്ധിച്ച്, ഡൽഹിയിലെ ഷാഹിബാബാദിൽ നിന്ന് അശോക് നഗർ വരെ പ്രധാനമന്ത്രി നമോ ഭാരത് ട്രെയിനിൽ യാത്ര ചെയ്തു.

RNU TVPM

**************************************

## എച്ച് എം പി വൈറസ് ബാധ

എച്ച് എം പി വൈറസ് ബാധ സംബന്ധിച്ച കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്രസർക്കാർ. HMPV പരിശോധന നടത്തുന്ന ലാബുകളുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട അവലോകനം ഐ സി എം ആർ, ഈ വർഷം ഉടനീളം നടത്തുമെന്നും ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. അതേസമയം ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളിൽ കേരളത്തിൽ ആശങ്ക വേണ്ടെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു.

**************************************

## മാലിന്യ സംസ്കരണം- സർവേ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സർവേ നടത്തും. നാളെ മുതൽ ജനുവരി 12 വരെയാണ് സർവേ. സംസ്ഥാനത്താകെ ഒരു ലക്ഷത്തി അമ്പതിനായിരത്തോളം പേർ വിവരശേഖരണത്തിന്റെ ഭാഗമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് വിവരശേഖരണ പ്രവർത്തനങ്ങൾ നടക്കുക. ഹരിതകർമ്മസേന, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയാണ് വാർഡ് തലത്തിൽ വിവരശേഖരണം നടത്തുന്നത്.

**************************************

## കാട്ടാന ആക്രമണം-എ കെ ശശീന്ദ്രൻ

വന്യജീവി ആക്രമണങ്ങളിൽ ആശങ്കയുണ്ടെന്നും വന്യജീവികളെ കാട്ടിനുള്ളിൽ തന്നെ നിലനിർത്താനാവശ്യമായ ദീർഘകാല പദ്ധതികൾ നടപ്പാക്കേണ്ടതുണ്ടെന്നും മന്ത്രി എ കെ ശശീന്ദ്രൻ. നബാർഡിന്റെ സഹായത്തോടെ ഇതിനാവശ്യമായ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം മലപ്പുറത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച ആദിവാസി യുവാവിൻറെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ വേണ്ട നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു. കരുളായി മാഞ്ചീരി പൂച്ചപ്പാറ കോളനിയിലെ മണി ഇന്നലെ രാത്രിയാണ് കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചത്.

**************************************

RNU TVPM

## കലോത്സവം - ഇൻട്രോ

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ രണ്ടാം ദിനം വിവിധ വേദികളിലായി മത്സരങ്ങൾ പുരോഗമിക്കുന്നു. 97 മത്സരങ്ങൾ പൂർത്തിയായപ്പോൾ 351 പോയിൻറുമായി കണ്ണൂരാണ് മുന്നിൽ. 348 പോയിൻറ് വീതം നേടി തൃശൂരും കോഴിക്കോടുമാണ് രണ്ടാം സ്ഥാനത്ത്. 344 പോയിൻറ് നേടി പാലക്കാടാണ് മൂന്നാമത്. സ്കൂളുകളിൽ 50 പോയിന്റ് വീതം നേടി പത്തനംതിട്ടയിലെ കിടങ്ങന്നൂർ എസ് വി ജി വി - എച്ച് എസ് സും ആലപ്പുഴയിലെ എൻ എസ് - ബോയ്സ് എച്ച് എസ് എസ് മാന്നാറുമാണ് മുന്നിൽ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

RNU TVPM

**************************************

## കലോത്സവം - മന്ത്രിമാർ

സംസ്ഥാന സ്കൂൾ കലോത്സവം രണ്ടാം ദിവസവും മികച്ച പങ്കാളിത്തത്തോടെ മുന്നേറുകയാണെന്ന് മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ അനിൽ എന്നിവർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. തെറ്റായ രീതിയിൽ ഇടപെടുമെന്ന് മുൻകാല കലോത്സവങ്ങളുടെ അനുഭവത്തിൽ സംശയിക്കുന്ന ചില പരിശീലകരെ നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു. കലാപരമായി ഉയർന്ന നിലവാരമുള്ള കുട്ടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിൻറെ പേരിൽ വിവേചനം അനുഭവിക്കാൻ പാടില്ലെന്നും, ധാരാളിത്തം ഒഴിവാക്കാൻ അധ്യാപകർ മുൻകൈയെടുക്കണമെന്നും മന്ത്രിമാർ ആവശ്യപ്പെട്ടു.

**************************************

## ചൊക്രമുടി ഭൂമി കയ്യേറ്റം

ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട അന്വേഷണത്തിനായി സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘത്തിൻ്റെ തലവൻ ഐ.ജി. കെ. സേതുരാമൻ ഇടുക്കി ചൊക്രമുടിയിൽ സന്ദർശനം നടത്തി. ചൊക്രമുടിയിലെ കയ്യേറ്റ ഭൂമിയിലെത്തിയ അദ്ദേഹം ആദിവാസി ഗോത്ര നേതാക്കളുമായി സംസാരിച്ചു. ആദിവാസികൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന സർക്കാർ ഭൂമിയിൽ കയ്യേറ്റവും നിർമ്മാണവും നടന്നിട്ടുണ്ട് എന്ന് വ്യക്തമായതായി സേതുരാമൻ പറഞ്ഞു. റവന്യൂ ഭൂമിയുടെ വിചാരണ പൂർത്തിയായാൽ കയ്യേറ്റക്കാർക്ക് എതിരെയുള്ള നടപടികളിലേക്ക് കടക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

****************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30 ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

## മൻ കി ബാത്ത്- വി മുരളീധരൻ

മൻ കി ബാത്തിലൂടെ രാജ്യത്തെയും ചുറ്റുപാടുകളെയും അറിയുന്നതിനൊപ്പം, കുട്ടികൾ ആ അറിവ് ഭാവി മാർഗ്ഗത്തിലേക്കുള്ള ചവിട്ടുപടിയായി കാണണമെന്ന് മുൻ കേന്ദ്ര മന്ത്രി വി മുരളീധരൻ. നെഹ്റു യുവകേന്ദ്രയുടെയും ഗ്ലോബൽ ഗീവർസ് ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മൻകി ബാത് വോളണ്ടിയർമാരുടെ പരിശീലന

RIJU TVPM

പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം

**************************************

**ഹെറിറ്റേജ് റൺ - ഇൻട്രോ**

തലശ്ശേരിയിലെ പൈതൃക ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഡി.ടി.പി.സിക്ക് കീഴിലെ തലശ്ശേരി ഡെസ്റ്റിനേഷൻ മാനേജ്മന്റ് കൗൺസിൽ സംഘടിപ്പിച്ച നാലാമത് ഹെറിറ്റേജ് റൺ പൂർത്തിയായി. വിജയികൾക്ക് മന്ത്രി വി. അബ്ദുറഹിമാൻ മെഡലും ക്യാഷ് അവാർഡും സമ്മാനിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

**************************************

**ഐ എം എ - തിരുനെൽവേലി മാലിന്യം**

തിരുനെൽവേലിയിൽ കേരളത്തിൽ നിന്ന് ആശുപത്രി മാലിന്യം അനധികൃതമായി ഉപേക്ഷിച്ചതുമായി ബന്ധപ്പെട്ട് 'ഐ.എം.എ. ഇമേജ് സംരംഭത്തെ അപകീർത്തിപ്പെടുത്തുന്നത് അവസാനിപ്പിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന നേതൃത്വം. ആശുപത്രികളിൽ നിന്നുള്ള പൊതു മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ഇമേജിന് നിയമപരമായ ഉത്തരവാദിത്തമില്ല. തിരുനൽവേലിവിഷയം സംബന്ധിച്ച അന്വേഷണത്തിനായി, ബന്ധപ്പെട്ട ആശുപത്രികൾ ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും ഐ എം എ സംസ്ഥാന നേതൃത്വം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

**************************************

RNU TVPM

## കോഴിക്കോട്- സ്മൃതിപഥം

കോഴിക്കോട് കോർപ്പറേഷന്റെ നവീകരിച്ച മാവൂർ റോഡിലെ ശ്മശാന കോംപ്ലക്സ് 'സ്മൃതിപഥം' മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. പുതിയ ശ്മശാനം കോംപ്ലക്സും, നവീകരിച്ച പഴയ കോംപ്ലക്സും ചേർന്നതാണ് സ്മൃതിപഥം. ഔദ്യോഗിക ഉദ്ഘാടനത്തിന് മുൻപ് തന്നെ, എഴുത്തുകാരൻ എം ടി വാസുദേവൻ നായരുടെ ഭൗതികദേഹം സ്മൃതിപഥത്തിൽ സംസ്കരിച്ചിരുന്നു.

************************************

## ശബരിമല - ഇൻട്രോ

മകരവിളക്കിന് ഇനി ഒൻപതു നാൾ മാത്രം ശേഷിക്കെ വലിയ ഭക്തജനത്തിരക്കാണ് ശബരിമലയിൽ അനുഭവപ്പെടുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...**

(വോയ്സ്)

RNUTVPM

************************************

## പഴശ്ശി ജലസേചന പദ്ധതി- അറിയിപ്പ്

കണ്ണൂർ പഴശ്ശി ജലസേചന പദ്ധതിയുടെ കനാൽ ഷട്ടർ റെഗുലേറ്റർ നാളെ രാവിലെ ഒമ്പതിന് തുറക്കും. കനാൽ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

*****************************************************

************************************

**********************